ഉത്തരം

(എ—സി) ഈ പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നബാർഡ് ധനസഹായം ലഭ്യമാക്കി പാലം പണി എത്രയുംവേഗം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവോർത്ത് പാറതോട് പാലം

67 [3240] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയേയും അനങ്ങനടി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന തിരുവോർത്ത് പാറതോടിന് കുറുകെ പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ പ്രവൃത്തിക്കായി ഏതെങ്കിലും ധനകാര്യ ഏജൻസിയിൽ നിന്നും സഹായം ലഭിക്കുമോ, എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 175 ലക്ഷം രൂപ.

(സി) നബാർഡ് ധനസഹായത്തോടെ ഈ പാലം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

68 [3241] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലേക്കുള്ള റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് തടസ്സത്തിന് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly